**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4462** **10-08-2021 - ൽ മറുപടിയ്ക്ക്**

**കൃഷി ആയുധങ്ങളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കൃഷി ആയുധങ്ങൾ നിർമ്മിക്കുന്നതിന് കൃഷി വകുപ്പിന്റെ നിയന്ത്രണത്തിൽ എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത്; ഇതിനുവേണ്ടി ഏതെല്ലാം ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കാമോ; | (എ) | കൃഷി വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപറേഷന്റെ യൂണിറ്റുകളോട് അനുബന്ധിച്ചുള്ള വർക്ക് ഷോപ്പുകളിൽ ചെറിയ കൃഷി സാമഗ്രികൾ നിർമ്മിച്ചു വരുന്നുണ്ട്. കൃഷി വകുപ്പിന് കീഴിൽ തന്നെയുള്ള മറ്റൊരു പൊതുമേഖലാ സ്ഥാപനമായ കേരള അഗ്രോ മെഷിനറി കോർപറേഷനിൽ (കാംകോ) പവർ ടില്ലർ, പവർ റീഡർ, പവർ റീപ്പർ, കോണോ വീഡർ, മിനി ട്രാക്ടർ, മൈക്രോ വീഡർ, ഗാർഡൻ ടില്ലർ, ബ്രഷ് കട്ടർ, പമ്പ്സെറ്റ് തുടങ്ങിയ യന്ത്രങ്ങളും നിർമ്മിച്ചുവരുന്നുണ്ട്. |
| (ബി) | ഷൊർണ്ണൂർ കേന്ദ്രമായി പ്രവർത്തിക്കുന്ന മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ കാർഷിക ഉപകരണങ്ങൾ കർഷകർക്ക് ലഭിക്കുന്നതിനുവേണ്ടി എന്തെല്ലാം വിപണന സംവിധാനങ്ങൾ ആണ് നിലവിലുള്ളത്; വിശദമാക്കാമോ? | (ബി) | കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപറേഷന്റെ അഗ്രോ ബസാറിലൂടെയും, കേരള സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷന്റെ ചിതൽവെട്ടി എസ്റ്റേറ്റിലെ വാഴപ്പാറയിലുള്ള ഹൈടെക്ക് നഴ്സറി സെയിൽസ് ഔട്ട് ലെറ്റ് മുഖേനയും, പട്ടാമ്പി അഗ്രോ സർവ്വീസ് സെന്ററിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്ന അഗ്രിമാൾ വഴിയും, കരിമ്പ എക്കോ ഷോപ്പ് മുഖേനയും മെറ്റൽ ഇൻഡസ്ട്രീസ് നിർമ്മിക്കുന്ന കൃഷി ആയുധങ്ങൾ വിൽപ്പന നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ